**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5278** **02-11-2021 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ പൊതുസ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പതിനെട്ട് വർഷങ്ങൾക്ക് ശേഷം ജലഗതാഗത വകുപ്പിൽ നടപ്പാക്കുന്ന പൊതുസ്ഥലംമാറ്റത്തിൽ മിനിസ്റ്റീരിയൽ, ഡോക് ആന്റ് റിപ്പയർ എന്നീ വിഭാഗങ്ങളെ ഒഴിവാക്കി ഓപ്പറേറ്റിംഗ് വിഭാഗത്തെ മാത്രം ഉൾക്കൊള്ളിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഭൂരിപക്ഷം തസ്തികകളും വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിലാണുള്ളത്. നാമമാത്രമായ തസ്തികകൾ മാത്രമാണ് മറ്റ് മേഖലാകാര്യാലയങ്ങളിലുള്ളത്. ആയതിനാൽ വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിൽ സർക്കാർ ഉത്തരവ്(പി)നം.3/2017/ഉഭപവ, തീയതി 25/02/2017-ലെ മാനദണ്ഡങ്ങൾ പാലിച്ച് സീറ്റ്/ സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കി യിട്ടുള്ളതാണ്. മേഖലാ കാര്യാലയങ്ങളിൽ ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള സീറ്റ്/സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ തസ്തികകൾ ഭൂരിപക്ഷവും ആലപ്പുഴ മേഖലയിൽ ആയതിനാൽ റിപ്പയർ വിഭാഗം തസ്തികകളുടെ ജോലിസ്വഭാവം കണക്കിലെടുത്ത് അപേക്ഷകൾ ലഭ്യമാകുന്നവ പരിഗണിച്ച് പരിമിതമായ ജീവനക്കാരെ മാത്രമാണ് മറ്റ് മേഖലകളിലേക്ക് സ്ഥലം മാറ്റാൻ കഴിയുന്നത്. ആയത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സർവ്വീസിൽ നിന്ന് വിരമിക്കാൻ രണ്ട് വർഷം മാത്രം അവശേഷിക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റാൻ കഴിയില്ലെന്ന സർക്കാർ ഉത്തരവ് നം. 03/2017 തീയതി 25-02-2017-ന് വിരുദ്ധമായി സ്ഥലംമാറ്റ ലിസ്റ്റ് തയ്യാറാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സർവ്വീസിൽ നിന്ന് വിരമിക്കാൻ രണ്ട് വർഷം മാത്രം അവശേഷിക്കുന്ന ജീവനക്കാരെ സംബന്ധിക്കുന്ന 25/02/17 ലെ സർക്കാർ ഉത്തരവ്(പി) നം. 03/2017/ ഉഭപ.വലെ നിർദ്ദേശങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പൊതുസ്ഥലം മാറ്റത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 2021 ഫെബ്രുവരി മാസം അടിസ്ഥാനപ്പെടുത്തി ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ 2 വർഷം മാത്രമുള്ള ജീവനക്കാരെ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ആരോഗ്യപരമോ ,കുടുംബപരമോ ആയ കാരണങ്ങളാൽ അവശത അനുഭവിക്കുന്ന | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | ജീവനക്കാർക്ക് അർഹമായ പരിഗണന സ്ഥലംമാറ്റ ലിസ്റ്റിൽ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | സർക്കാർ ഉത്തരവ് (പി)നം.3/2017/ഉഭപ.വ തീയതി 25/02/2017 പാലിച്ചാണ് സ്ഥലംമാറ്റത്തിനുള്ള കരട് സാധ്യതാപട്ടിക പ്രസിദ്ധീകരിക്കുന്നത്. ആയതിന്മേൽ ആക്ഷേപങ്ങൾ ഉള്ളപക്ഷം ആയവ പരിശോധിക്കുന്നതിനായി ജീവനക്കാർക്ക് അവസരം നൽകിയിട്ടുള്ളതും ലഭ്യമായ ആക്ഷേപങ്ങൾ നാലംഗ കമ്മിറ്റി പരിശോധിക്കുകയും പരിഗണനാർഹമായ അപേക്ഷകൾ പുനപരിശോധിച്ച് അന്തിമപട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. |
| (ഡി) | നിശ്ചിത ശതമാനം സീനിയറായ ജീവനക്കാരെ ഉൾപ്പെടുത്തി പൊതു സ്ഥലംമാറ്റം നടപ്പാക്കുന്നത് പരിഗണിക്കുമോ; | (ഡി) | പൊതുസ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചും സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയുമാണ് പൊതുസ്ഥലം മാറ്റം നടപ്പിലാക്കിയിട്ടുള്ളത്. |
| (ഇ) | സ്ഥലംമാറ്റ ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ